ഉത്തരം

(എ) 10-8-1987-ൽ

(ബി) കരാർ വ്യവസ്ഥകൾ ലഭ്യമല്ല.

(സി-ഇ) കോഴിക്കോട് ജില്ലാ കളക്ടറുടെ 24-3-2003-ലെ എൽ 10-30093/02 നമ്പർ ഉത്തരവ് പ്രകാരം ചക്കിട്ടപ്പാറ വില്ലേജിലെ സർവ്വേ നമ്പർ 2/1-ൽപ്പെട്ട 50 സെന്റ് ഭൂമി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലാത്തതിനാൽ ചക്കിട്ടപ്പാറ വില്ലേജിലെ കുറ്റിയാടി ജലസേചന പദ്ധതി വക അൺസർവ്വേ എൻ.എഫ്.ആർ.2/2-ൽപ്പെട്ട 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

തെരഞ്ഞെടുപ്പ് കാലത്ത് രേഖകൾ ഇല്ലാതെ പണം കടത്തിയ കേസ്സുകൾ

220 (3042) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് സംസ്ഥാനത്ത് മതിയായ രേഖകൾ ഇല്ലാതെ പണം കടത്തിയതുമായി ബന്ധപ്പെട്ട അൻപതോളം കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എടുത്ത കേസ്സുകളിൽ ഇപ്പോഴും അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര ?

ഉത്തരം

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് സംസ്ഥാനത്ത് മതിയായ രേഖകൾ ഇല്ലാതെ പണം കടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 9 (തൃശ്ശൂർ റൂറൽ-8, മലപ്പുറം-1) കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എടുത്ത കേസ്സുകളിലെല്ലാം അന്വേഷണം പൂർത്തിയായിട്ടുണ്ട്.

ടെലിഫോണുകളുടെ നിരീക്ഷണം

221 (3043) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ) ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പിൽനിന്നും നൽകിയ അനുമതി ഉത്തരവുകൾ നിരീക്ഷിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുണ്ടോ ;

(ബി) പ്രസ്തുത കമ്മിറ്റി ഏറ്റവും ഒടുവിൽ ചേർന്നത് എപ്പോഴാണ് ;

(സി) ഈ സർക്കാരിന്റെകാലത്ത് ടെലിഫോണുകൾ നിരീക്ഷിക്കുന്നതിന് നൽകിയ അനുമതി ഉത്തരവുകൾ എത്രയാണ് ;

(ഡി) കമ്മിറ്റിയുടെ നിരീക്ഷണത്തിനായി പരിഗണനയിലുള്ള കേസ്സുകൾ എത്ര ;

(ഇ) ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ ചിലരുടെ ഫോണുകൾ പോലീസ് ഉദ്യോഗസ്ഥന്മാർ നിരീക്ഷിക്കുന്നതായ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) എൻ.എസ്.എസ്. ജനറൽ സെക്രട്ടറി തന്റെ ഫോൺ സംഭാഷണം നിരീക്ഷിക്കുന്നതായി പത്രസമ്മേളനത്തിലൂടെ പരാതിപ്പെട്ടിരുന്നുവോ ; എങ്കിൽ അന്വേഷിക്കുകയുണ്ടായോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ റിവ്യൂ കമ്മിറ്റി അവസാനമായി യോഗം ചേർന്നത് 21-11-2014-നാണ്. കമ്മിറ്റിയുടെ അടുത്തയോഗം 13-7-2015-ൽ ചേരാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) ടെലിഫോണുകൾ നിരീക്ഷിക്കുന്നതിനായി അനുമതി നൽകിയ എല്ലാ ഉത്തരവുകളും റിവ്യൂ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാറുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇതുസംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ദക്ഷിണ മേഖല എ.ഡി.ജി.പി.-യെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ആരോപണത്തിൽ കഴമ്പില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.